**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5345

26.03.2018- ൽ മറുപടിയ്ക്ക്

## കാസർകോട് താലൂക്കിൽ ശിരിബാഗില്ല വില്ലേജിലെ പട്ടയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കാസർകോട് താലൂക്കിൽ ശിരിബാഗില്ല വില്ലേജിലെ റീ-സർവ്വേ നമ്പർ 144-2B, 2C, 2D യിൽ എത്ര സെന്റ് സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | കാസർഗോഡ് താലൂക്കിൽ ശിരിബാഗില്ല വില്ലേജിൽ 144/2 ബി, 144/2 സി, 144/2 ഡി എന്നിങ്ങനെ റീ.സർവ്വെ നമ്പർ നിലവിൽ ഇല്ല. പഴയ സർവ്വെ നമ്പർ 144/2-ൽപ്പെട്ട 5.48 ഏക്കർ ഭൂമി സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ലോക്കൽ ഫണ്ട് റോഡ് എന്ന് കാണുന്നു. ടി ഭൂമി ശിരിബാഗില്ല വില്ലേജിലെ പതിവ് ലിസ്റ്റിൽപ്പെട്ട ഭൂമിയല്ല. |
| ബി) ഈ സ്ഥലത്ത് ആരെങ്കിലും താമസമുണ്ടോ എന്നും എങ്കിൽ എത്ര കുടുംബങ്ങൾ എത്ര കാലമായി താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ; | ബി) | നിലവിൽ 144/2, റീ.സർവ്വെ പ്രകാരം 232 ആയി കാണുന്നു. ആയതിൽ 3 കുടുംബങ്ങൾ വർഷങ്ങളായി വീട് വച്ച് താമസിക്കുന്നു. |
| (സി) ഈ സ്ഥലം തങ്ങൾക്ക് അനുവദിച്ച തരണമെന്നാവശ്യപ്പെട്ട ആരെങ്കിലും അപേക്ഷകൾ നൽകിയിരുന്നോ എന്നും പ്രസ്തുത അപേക്ഷകളിന്മേൽ ആർക്കെങ്കിലും സ്ഥലം അനുവദിച്ച പട്ടയം നൽകിയിരുന്നോ എന്നും വ്യക്തമാക്കാമോ;<br>(ഡി) എങ്കിൽ എത്ര പേർക്ക് എത്ര സെന്റ് വീതം അനുവദിച്ച പട്ടയം നൽകി എന്ന് വ്യക്തമാക്കാമോ;<br>(ഇ) അപേക്ഷിച്ചവരിൽ ഇനിയും പട്ടയം ലഭിക്കാൻ ബാക്കിയുണ്ടോ എന്നും എങ്കിൽ ആർക്കൊക്കെ എത്ര സെന്റ് വീതം നൽകാനാണ തീരുമാനമെന്നും അതു എപ്പോൾ നൽകുമെന്നും വ്യക്തമാക്കാമോ ? | സി)<br>ഡി)<br>&<br>ഇ) | ഈ സ്ഥലം അനുവദിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 3 കുടുംബങ്ങൾ അപേക്ഷ നൽകിയിരുന്നു. ഇതിൽ ആർക്കും പട്ടയം നൽകിയിട്ടില്ല. നിലവിൽ ടി സ്ഥലം റോഡ് പുറമ്പോക്ക് ആയി കാണുന്നു. പൊതുമരാമത്ത് റോഡ് വിഭാഗത്തിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് അർഹത പരിശോധിച്ച് പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ